

23-11-2021

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –23/11/2021

1. ഒക്ടോബർ , നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നവംബർ 30 വരെ നീട്ടിയതായി കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന്റെ 2021 – 22 അദ്ധ്യയന വർഷത്തേക്ക് കാർഷിക മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച സംസ്ഥാന തലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർത്ഥിക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു സീറ്റിലേക്ക് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷാഫോമിനും കേരള കാർഷിക സർവ്വകലാ ശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 07.12.2021 ആണ് അപേക്ഷ ലഭിക്കേണ്ട അവസാന തിയതി.

3. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, മാതളം, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, കറ്റാർവാഴ, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക്, പൂച്ചെടികൾ എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ **0495 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എന്റർപ്രണവർ സപ്പോർട്ട് സെന്റർ പ്രവർത്തനം ആരംഭിച്ചു. പ്രധാനമായും ചെറുകിട സംരഭകർക്കും, യുവ സംരംഭകർക്കും പ്രോത്സാഹനം നൽകി ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേശം. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 9.00 മുതൽ വൈകുന്നേരം 4.30 വരെ എന്റർപ്രണവർ സപ്പോർട്ട് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താമെന്ന് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം മേധാവി അറിയിക്കുന്നു.

5. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 15 പശുക്കളെയും 1 ആടിനേയും 27.11.2021 ന് ഫാം ഓഫീസ് പരിസരത്ത് വച്ച് രാവിലെ 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ

വിവരങ്ങൾക്ക് 9745545344 എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

6. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം 29-ന് (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, ഡിസംബർ മാസത്തിൽ കാടക്കോഴി വളർത്തൽ, തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 0494 296 2296, 8089293728 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഓഫ് കാമ്പസ് പരിശീലന പരിപാടി ഈ മാസം 27 വരെ കൊടുങ്ങൂർ ക്ഷീരസംഘത്തിൽ വച്ച് നടത്തുന്നു.

9. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 വരെ ക്ഷീര കർഷകർക്കായി **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി നടക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കൊവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8075028868, 9947775978, 0476-2698550

10. റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ

(2021 നവംബർ 24) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് ഫോണിലൂടെ മറുപടി പറയും. 0481-2576622 ആണ് കോൾ സെന്റർ നമ്പർ.

11. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നാളെ (24ന്) നടത്തുന്ന **പന്നിവളർത്തൽ** എന്ന വിഷയത്തിലെ പരിശീലനത്തിൽ പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർകാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. ഈ മാസം 30 മുതൽ ഡിസംബർ മൂന്നു വരെ നടത്തുന്ന **വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ** എന്ന വിഷയത്തിലുള്ള പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അടുത്തുള്ള വെറ്ററിനറി സർജന്റെ ശുപാർശ സഹിതം **0491 2815454** എന്ന നമ്പറിലോ **9188522713** എന്ന വാട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെട്ട് ഈ മാസം 25 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ് .

12. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (24 ന്) ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഐ.എസ്.ഒ./ഐ.ഇ.സി. 17025:2017 പ്രകാരമുള്ള ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിലും ഇന്റേണൽ ഓഡിറ്റിലും ഡിസംബർ 7 മുതൽ 10 വരെ പരിശീലനം നൽകുന്നു. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് & കാലിബ്രേഷൻസ്-ന്റെ ഔദ്യോഗികമായ അംഗീകാരത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥകളെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുന്നതിന് പരിശീലനം സഹായിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം